LIBRARY ARCHIVES Kerala Legislative Assembly

അനാചാരങ്ങൾക്കെതിരെയുള്ള നടപടികൾ

247 (1672) ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. പി. ബി. അബ്ദുൾ റസാക് :

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഊരുവിലക്ക് പോലുള്ള സാമൂഹ്യ അനാചാരങ്ങൾ നിലനില്ക്കുന്നുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതുപോലുള്ള സംഭവങ്ങൾ സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പിന് പരാതികളെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്ത നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണ പ്രചാരണങ്ങളും നിയമനടപടികളും സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ഇക്കാര്യത്തിൽ പരാതി ലഭിച്ചിട്ടില്ലാത്തതിനാലും ഈ വിഷയം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാലും മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല.

അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് സർക്കാർ ഗ്രാന്റായി നൽകുന്ന തുക

248 (1673) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് സർക്കാർ ഗ്രാന്റായി പ്രതിവർഷം എത്ര തുകയാണ് നൽകുന്നത് ;

(ബി) 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ എത്ര തുകയാണ് ഓരോ അന്തേവാസിക്കും ഗ്രാന്റായി അനുവദിച്ചത്. ഏത് സാമ്പത്തിക വർഷം വരെയുള്ള തുകയാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഓരോ വർഷവും ഗ്രാന്റ് ഇൻ എയ്ഡിന് അർഹത നേടുന്ന അന്തേവാസികളുടെ എണ്ണത്തിൽ വ്യത്യാസമുണ്ടാകും. ആയതിനാൽത്തന്നെ പ്രതിവർഷം നൽകുന്ന ഗ്രാന്റ് തുകയും വ്യത്യാസമാണ്.

2012-13	-	8,58,47,282
2013-14	-	14,76,35,000
2014-15	-	16,23,09,000

(ബി) അനാഥാലയങ്ങളിലെ അന്തേവാസികളുടെ പ്രതിമാസ ഗ്രാന്റ് താഴെപ്പറയും പ്രകാരമാണ് :

2012-13	-	525
2013-14	-	700
2014-15	-	800
1-1-2015 മുതൽ		1000

2012-13 സാമ്പത്തിക വർഷം വരെയുള്ള തുക പൂർണ്ണമായും നൽകിക്കഴിഞ്ഞു.

അമ്മത്തൊട്ടിലിൽ നിന്നും ദത്തെടുക്കൽ

249 (1674) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം അമ്മത്തൊട്ടിലിൽ ലഭിച്ച കുഞ്ഞുങ്ങളെ ദത്തെടുക്കുന്നതിനായി എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ ;

(ബി) ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് പ്രത്യേക സീനിയോറിറ്റി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ ;

(സി) ദത്തെടുക്കുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിൽ ഉള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച ആക്ഷേപങ്ങളും പരാതികളും ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 540 അപേക്ഷകൾ നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആക്ഷേപങ്ങളും പരാതികളും പരിഹരിക്കുന്നതിനായി ജില്ലാകളക്ടർ ചെയർമാൻ ആയിട്ടുള്ള കമ്മിറ്റി രൂപീകരിച്ച് ആക്ഷേപങ്ങളും പരാതികളും ഉണ്ടാകാത്ത തരത്തിൽ നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

1024/2018

LIBRARY ARCHIVES Kerala Legislative Assembly